8 -ാം വർഷം
2024
ഒക്ടോബർ 20
ഏലിയാ സ്ലീവ മൂശെ
ഒമ്പതാം ഞായർ



Laity Reflect on
SYRO-MALABAR SUNDAY MASS
SCRIPTURE READINGS



# ഭ്രാന്തിനുള്ള കുറിപ്പടി

**ഉത്പ 19:23 – 29; മലാ 4:1 – 6; 1 തെസ 4:13 – 18; ലൂക്കാ 21:20 – 28**

**മിഷൻ ഞായർ**

**1 കോറി 9:13 – 18; മത്താ 10:1 – 15**

തലക്കുറി കണ്ട് പരിഭ്രമിക്കണ്ട. അതിന്റെ സാംഗത്യം വഴിയേ വിശദമാക്കാം. ഇന്ന് സഭ മിഷൻ ഞായർ ആചരിക്കുകയാണ്. കൃത്യം ഒരു വർഷം മുമ്പാണ് ഈ വിചിന്തനം എഴുതിയത്. 2023 ഒക്ടോബറിലെ മിഷൻ ഞായറിന് തൊട്ടുമുമ്പുള്ള ദിവസങ്ങളിൽ ഇതെഴുമ്പോൾ വിശുദ്ധനാട്ടിൽ കനത്ത യുദ്ധമാണ്. 2022 ഫെബ്രുവരിയിൽ തുടങ്ങിയ റഷ്യ- യുക്രെയ്ൻ യുദ്ധവും തുടരുന്നുണ്ട്. ഇന്ത്യയിൽ മണിപ്പൂരടക്കം പല സ്ഥലങ്ങളിലും ലോകത്തിന്റെ മറ്റു പല ഭാഗങ്ങളിലും വംശഹത്യകളും വർഗീയ പീഡനങ്ങളും മതമർദനങ്ങളും അവിരാമമായി തുടരുന്നുണ്ട്. പ്രത്യേകമായ ഈ സാഹചര്യത്തിലാണ് മിഷൻ ഞായർ പോലൊരു സവിശേഷദിനത്തിലും ഭ്രാന്ത് എന്ന വിഷയം ധ്യാനിക്കേണ്ടിവന്നത്. ഉന്മാദം, കിറുക്ക്, ബുദ്ധിഭ്രമം, ചിത്തഭ്രമം, മതിമയക്കം, ഭോഷത്തം എന്നൊക്കെയാണ് ഭ്രാന്ത് എന്ന വാക്കിന്റെ അർത്ഥം. ഏതർത്ഥത്തിലായാലും ഇതൊരു ഭ്രാന്ത് പിടിച്ച ലോകമാണ്! മതത്തിനും ജാതിക്കും ഭ്രാന്താണ്. രാഷ്ട്രങ്ങൾക്കും ഭരണകൂടങ്ങൾക്കും ഭ്രാന്താണ്. രാഷ്ട്രീയാധികാരികൾക്കും മതാചാര്യർക്കും ഭ്രാന്താണ്. കുട്ടികൾക്കും യൗവനക്കാർക്കും മധ്യവയസ്ക്കർക്കും വൃദ്ധർക്കുമൊക്കെ ഭ്രാന്താണ്. മനുഷ്യന് ഭ്രാന്ത് പിടിക്കാതെ നോക്കേണ്ട എല്ലാ സംവിധാനങ്ങൾക്കും ഭ്രാന്ത് പിടിച്ചിരിക്കുന്നു എന്നതാണ് ഇക്കാലഘട്ടത്തിലെ സങ്കീർണ്ണമായ സമസ്യ.

## യുദ്ധം എന്ന ഭ്രാന്ത്

ഇതെഴുതിയ ദിവസത്തെ പത്രത്തിന്റെ മുൻപേജിൽ ആധുനിക മനുഷ്യന്റെ പലതരം ഭ്രാന്തുകളിലൊന്ന് അവശേഷിപ്പിച്ച കരൾ പിളർക്കുന്ന ഒരു വാർത്തയുണ്ടായിരുന്നു. ഗാസയിൽ ആശുപത്രിയിലെ റോക്കറ്റാക്രമണത്തിൽ 471 പേർ മരിച്ചിരിക്കുന്നു. കൂടുതലും കുട്ടികളാണ്. ആശുപത്രിക്ക് അകത്തും പുറത്തും കുഞ്ഞുങ്ങളുടേതടക്കമുള്ള മൃതദേഹങ്ങൾ. ഗുരുതരപരിക്കുകളോടെ രക്ഷപ്പെട്ടവർക്ക് അനസ്തീസിയ പോലുമില്ലാതെ വരാന്തയിൽ നിലത്തുകിടത്തി അടിയന്തിരശസ്ത്രക്രിയകൾ. ചോരയിൽ കുതിർന്ന സ്കൂൾ ബാഗുകൾ.



സജീവ് പാറേക്കാട്ടിൽ

നിലയ്ക്കാത്ത നിലവിളികൾ. റോക്കറ്റ് ആരുടേതാണ് എന്നതിൽ തർക്കമുണ്ടായിരുന്നു. ആരുടേതായാലും ഭ്രാന്തരുടേതാണ് എന്നതിൽ തർക്കമില്ല. ഭ്രാന്തരല്ലാതെ മറ്റാരാണ് ആശുപത്രിയിലേക്ക് റോക്കറ്റ് വിടുന്നത്? ഭ്രാന്തർക്കല്ലാതെ മറ്റാർക്കാണ് കുട്ടികൾക്കുനേരെ മിസൈൽ തൊടുക്കാൻ കഴിയുന്നത്? ഭ്രാന്തർക്കല്ലാതെ മറ്റാർക്കാണ് സംഗീതമാസ്വദിക്കുന്നവരെ കഴുത്തറത്തുകൊല്ലാനാകുന്നത്? ആണവായുധങ്ങളും ബോംബുകളും മിസൈലുകളും റോക്കറ്റുകളുമെല്ലാം മനുഷ്യൻ എന്ന ക്രൂരനായ ജീവിയുടെ ഭ്രാന്തിന്റെ ഉപോത്പന്നങ്ങളാണ്. യുദ്ധം ഭ്രാന്താണ്, ഈ പ്രപഞ്ചത്തിലെ മറ്റൊരു ജീവിക്കുമില്ലാത്ത ഭ്രാന്ത്. കൊല്ലപ്പെടുന്നത് മനുഷ്യത്വമാണ്. പരാജയപ്പെടുന്നത് മനുഷ്യവംശമാണ്. 'സമാധാനത്തിന്റെ പക്ഷം' ചേരണമെന്നും ലോകമെങ്ങും സമാധാന പ്രാർത്ഥനകൾ ഉയരണമെന്നും സ്നേഹഭ്രാന്തനായ ഒരു ജ്ഞാനവൃദ്ധൻ നിലവിളിയോടെ അന്നു പറഞ്ഞിരുന്നു. അന്നും ഇന്നും എന്നും ഉയരുന്ന ചോദ്യം ഒന്നു തന്നെയാണ്. നിങ്ങൾ ഏതു പക്ഷത്താണ്? യുദ്ധത്തിന്റെ പക്ഷത്തോ സമാധാനത്തിന്റെ പക്ഷത്തോ? ഭ്രാന്തിന്റെ പക്ഷത്തോ സുബോധത്തിന്റെ പക്ഷത്തോ? കൊന്നും ചത്തും ഭ്രാന്ത് ആഘോഷിക്കുന്നവരുടെ പക്ഷത്തോ 'അരുതേ' എന്ന് നിലവിളിക്കുന്നവരുടെ പക്ഷത്തോ? കൊന്നവരുടെയും ചത്തവരുടെയും ജാതിയും മതവും നോക്കി ഗൂഢമായി ആഹ്ളാദിക്കുന്ന വരുടെ പക്ഷത്തോ നിരുപാധികമായി മനുഷ്യത്വത്തിന്റെ പക്ഷത്തോ? രൗദ്രമായ അട്ടഹാസങ്ങളുടെ പക്ഷത്തോ ആർദ്രമായ തേങ്ങലുകളുടെ പക്ഷത്തോ? ഇന്നലെകളുടെ മുറിവുകളെ ആയുധപ്രയോഗത്തിലൂടെ ഇന്ന് പരിഹരിക്കാൻ ശ്രമിക്കുന്ന മൗഢ്യത്തിന്റെ പക്ഷത്തോ വിവേകജന്യമായ സാഹോദര്യത്തിന്റെ പക്ഷത്തോ? മരണത്തിന്റെ പക്ഷത്തോ ജീവന്റെ പക്ഷത്തോ? നരകത്തിന്റെ പക്ഷത്തോ സ്വർഗ്ഗത്തിന്റെ പക്ഷത്തോ? സാത്താന്റെ പക്ഷത്തോ യേശുക്രിസ്തുവിന്റെ പക്ഷത്തോ? അവനവന്റെ മാത്രം പക്ഷത്തോ അപരന്റെയും പക്ഷത്തോ? ലോകമൂല്യങ്ങളുടെ പക്ഷത്തോ ആത്മാവിൽ മായാതെ പതിഞ്ഞ മുദ്രകൾ നൽകുന്ന മിഷന്റെ പക്ഷത്തോ? പക്ഷപാതവും പക്ഷഭേദവുമില്ലാതെ സ്വന്തം പക്ഷമേതെന്ന അന്വേഷണമാകട്ടെ ഈ മിഷൻ ഞായറിന്റെ ആത്മീയസാധന.

## ഒരു പുതിയ ഭ്രാന്ത്

ലോകത്തിന് അതുവരെ പരിചയമില്ലാതിരുന്ന ഒരു പുതിയ ഭ്രാന്തിന് തുടക്കമിട്ടത് നസറത്തിലെ യുവതച്ചനായിരുന്നു. അവന്റെ 'ഐഡന്റിറ്റിയും' കരിയറിലെ 'മാസ്റ്റർപീസും' സ്നേഹം എന്ന ഒറ്റവാക്കിൽ സംഗ്രഹിക്കാവുന്ന ആ ഭ്രാന്തായിരുന്നു. തിന്മയെ നന്മ കൊണ്ട് ജയിക്കാനും ശത്രുക്കളെ സ്നേഹിക്കാനും പീഡിപ്പിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കാനും പഠിപ്പിച്ചവൻ ഭ്രാന്തൻ എന്ന് മുദ്രകുത്തപ്പെട്ടതിൽ ആശ്ചര്യമില്ല. അഭിവാദനങ്ങൾ പോലും ആന്തരീക നൈർമല്യത്തിന്റെ സവിശേഷമായ അടയാളങ്ങളാണെന്ന് പഠിപ്പിച്ച അവൻ ലക്ഷണമൊത്ത ഭ്രാന്തൻ തന്നെ യെന്ന് അവർ കരുതി. ആടുകൾക്കുവേണ്ടി ജീവനർപ്പിക്കുന്ന ഇടയനായി സ്വയം ചിത്രീകരിക്കുന്ന സന്ദർഭത്തിൽ 'അവനു പിശാചുണ്ട്; അവനു ഭ്രാന്താണ്; എന്തിന് അവൻ പറയുന്നതു കേൾക്കണം' എന്ന് അവർ ഉറപ്പിച്ചു പറയുന്നുണ്ട്. (യോഹ 10:20). തന്റെ സ്നേഹിതരെല്ലാവരും തന്റെ പിതാവിന്റെ പരിപൂർണ്ണതയിലേക്ക് വളരണം എന്നതായിരുന്നു ആ സ്നേഹഭ്രാന്തിന്റെ സത്തയും സാരവും (മത്തായി 5:48). പന്ത്രണ്ടും എഴുപത്തിരണ്ടും ഒക്കെയായി തുടക്കം എളിയതായിരുന്നു. ഔപചാരിക മായി ഉദ്ഘാടനം ചെയ്യപ്പെട്ട ദിവസം തന്നെ മൂവായിരം പേർ ആദ്യഭ്രാന്ത രോട് ചേർന്നു! തങ്ങൾക്ക് അപരിചിതമായ പുതിയ ഭ്രാന്തിനെ ജനക്കൂട്ടം ആദ്യം വിശേഷിപ്പിച്ചത് 'പുതുവീഞ്ഞിന്റെ ലഹരി' (അപ്പ.പ്ര.2:13). എന്നാണ്. ആൾക്കൂട്ടങ്ങൾക്ക് ചരിത്രത്തിലൊരിക്കലും സുബോധമുണ്ടായിരുന്നി ല്ലല്ലോ! അപഖ്യാതി അഭിനവഭ്രാന്തർക്ക് പുത്തരിയല്ല. ഗുരു തന്നെയാണ് അക്കാര്യത്തിലും അവരുടെ മാതൃക. 'ഭോജനപ്രിയൻ, വീഞ്ഞു കുടിയൻ, ചുങ്കക്കാരുടെയും പാപികളുടെയും സ്നേഹിതൻ' എന്നതൊക്കെയും അങ്ങനെ ചാർത്തിക്കിട്ടിയതാണെന്ന് അവൻ തന്നെ പറഞ്ഞിട്ടുണ്ട്. (മത്തായി 11:19). പോകവെ, 'ലോകത്തെ തലകീഴ്മറിച്ച മനുഷ്യർ' എന്ന് നവഭ്രാന്തരെപ്പറ്റി ആൾക്കൂട്ടത്തിന് വെളിപാടുണ്ടാകുന്നുണ്ട് (അപ്പ. പ്ര. 17:6) ഏതായാലും ഭ്രാന്ത് അതിവേഗം വ്യാപിച്ചു. അനന്തതയേക്കാൾ വിശാലമായ നവഭ്രാന്തിന്റെ ആ സാമ്രാജ്യത്തെ നിങ്ങൾക്ക് ഒറ്റവാക്കിൽ അടയാളപ്പെടുത്തണം എന്നുണ്ടെങ്കിൽ സ്വർഗരാജ്യം എന്നാവാം. വരും വരും എന്ന് പറഞ്ഞ് കാത്തിരുന്ന ആ ഭ്രാന്ത് വന്നു എന്നു പ്രസംഗിക്കാ നാണ് അവൻ അവരെ അയച്ചത്. നിങ്ങൾ കാത്തുകാത്തിരുന്ന ആ ഭ്രാന്ത് ഇതാ നിങ്ങളെ തേടിവന്നിരിക്കുന്നു! സ്വർഗരാജ്യം സമീപിച്ചിരിക്കുന്നു. 'യുഗങ്ങളുടെയും തലമുറകളുടെയും ആരംഭം മുതൽ മറച്ചുവയ്ക്കപ്പെട്ടിരുന്ന രഹസ്യം' എന്നാണ് മറ്റൊരാൾ ഈ സ്നേഹഭ്രാന്തിനെ വിശേഷിപ്പിച്ചത് (കൊള 1:26). എന്താണ് ആ രഹസ്യം? 'മഹത്വത്തെക്കുറിച്ചുള്ള പ്രത്യാശയായ ക്രിസ്തു നിങ്ങളിലുണ്ട് എന്നതുതന്നെ' എന്നാണ് അയാൾ നൽകുന്ന ഉത്തരം. പൊരുളും പരമാർത്ഥവും ഇതാണ്- ക്രിസ്തു നിങ്ങളിലുണ്ട് എന്നത് ഒരർത്ഥത്തിൽ നിങ്ങളെ ഭ്രാന്തരാക്കണം. ആ ഭ്രാന്ത് നിങ്ങളുടെ സ്വസ്ഥതകളുടെ വ്യാജനിർമ്മിതികളെ തകർക്കണം. മധ്യമാർഗത്തിലൂടെയുള്ള നിങ്ങളുടെ യാത്രയുടെ സ്വച്ഛതയെ ഭേദിക്കണം. നിങ്ങളുടെ ഞായറാഴ്ചക്കടം തീർത്തതിന്റെ നിർവൃതിയും ആണ്ടുകുമ്പസാരത്തിന്റെ സായൂജ്യവും കുലമഹിമയുടെ വ്യർത്ഥാഭിമാനബോധവും പാരമ്പര്യത്തിന്റെ പ്രൗഢജീർണതകളും പണത്തിന്റെ ഹുങ്കും പെരുനാളിനും ഊട്ടുനേർച്ചയ്ക്കും കൊടുത്തതിന്റെ പത്രാസും തീർത്ഥ കേന്ദ്രങ്ങളിൽ മുടങ്ങാതെ കാല്പാടുകൾ പതിയുന്നതിന്റെ ആഹ്ലാദവു മെല്ലാം ആ ഭ്രാന്ത് അവസാനിപ്പിക്കണം. അപ്പോഴാണ് അവൻ പറഞ്ഞതു പോലെ നിങ്ങൾ വീണ്ടും ജനിക്കുന്നത്. അപ്പോഴാണ് ഇതുവരെ പോകാത്ത വിപത്കരമായ ചില യാത്രകൾ നിങ്ങൾ ആരംഭിക്കുന്നത്. അപ്പോഴാണ് ആചാരാനുഷ്ഠാനങ്ങളുടെ തടവറയിൽ നിന്ന് സ്വതന്ത്രമായ നിങ്ങളുടെ ആത്മാവ് ആത്മാവിലും സത്യത്തിലും അവനെ ആരാധിക്കുന്നത്. അപ്പോ ഴാണ് കണക്കു സൂക്ഷിക്കാതെ നിങ്ങൾ ദാനം ചെയ്യുന്നത്. അവൻ പുറത്തെ വിഗ്രഹമ

ല്ലെന്നും ഉള്ളിലെ ശ്രീകോവിലിൽ വസിക്കുന്ന സത്യ സ്നേഹസ്വരൂപ നാണെന്നും വെളിപ്പെടുന്ന അപ്പോഴാണ് നിങ്ങളിലേക്കുള്ള തീർത്ഥയാത്രകൾ നിങ്ങൾക്ക് കൂടുതൽ പ്രിയങ്കരമാകുന്നത്. അപ്പോഴാണ് സ്വർഗത്തിലേക്ക് നോക്കുന്നതിനെക്കാൾ കൂടുതലായി നി ങ്ങളുടെ ഹൃദയത്തിലേക്ക് നിങ്ങൾ നോക്കിപ്പോകുന്നത്. അപ്പോഴാണ് 'ജീവിതം ക്രിസ്തുവെന്നും മരണം നേട്ടമെന്നും' നിങ്ങളും ആർത്തു വിളിക്കുന്നത്. അപ്പോഴാണ് പൗലോസ് നിനക്കു ഭ്രാന്താണ് എന്ന് പറഞ്ഞത്, (അ.പ്ര.26:24) നിങ്ങളുടെയും പേര് ചേർത്ത് ആവർത്തിക്കപ്പെടുന്നത്. അപ്പോഴാണ് ഞങ്ങൾ ഉന്മത്തരാണെങ്കിൽ അതു ദൈവത്തിനു വേണ്ടിയാണ്, എന്ന് (2 കൊറി 5:13) നിങ്ങളും ഉറപ്പിച്ചു പറയുന്നത്. ഇത്തരമൊരു മെറ്റമോർഫസിസ് അഥവാ രൂപാന്തരപ്രാപ്തി കൈവരുന്നതിനെയാണ് 'മിഷൻ' എന്നു പറയുന്നത്. അപ്പോൾ മാത്രമാണ് നിങ്ങൾ നസറായന്റെ 'മിഷണറി' ആകുന്നത്.

## പുതിയ ഉന്മാദികൾ

ആദ്യ 'മിഷൻ ദിനത്തിൽ' അവൻ രൂപപ്പെടുത്തിയത് ദൈവത്തിന്റെ ഉന്മാദികളായ ഒരു ഗണം പുതിയ മനുഷ്യരെയാണ്. ഈ സ്നേഹോന്മാദികൾ പക്ഷെ കൊല്ലില്ല; ചാകുകയേയുള്ളു. മനുഷ്യരുടെ കഴു ത്തറക്കില്ല; തിന്മകളുടെ വേരറക്കുകയേയുള്ളു. വലിയ സഹനങ്ങളിലും പീഡകളിലും ഞെരുക്കങ്ങളിലും അത്യാഹിതങ്ങളിലും മർദ്ദനങ്ങളിലും കാരാഗൃഹങ്ങളിലും ലഹളകളിലും അധ്വാനങ്ങളിലും ജാഗരണത്തിലും വിശപ്പിലും ശുദ്ധതയിലും ജ്ഞാനത്തിലും ക്ഷമയിലും ദയയിലും പരിശുദ്ധാത്മാവിലും നിഷ്കളങ്കസ്നേഹത്തിലും സത്യസന്ധമായ വാക്കിലും ദൈവത്തിന്റെ ശക്തിയിലും വലതുകൈയിലും ഇടതുകൈയിലുമുള്ള നീതിയുടെ ആയുധത്തിലും ബഹുമാനത്തിലും അപമാനത്തിലും സദ് കീർത്തിയിലും ദുഷ്കീർത്തിയിലും അഭിമാനിക്കുന്ന (2 കൊറി 6:4-8) ഈ ഉന്മാദികളാണ് 'മിഷൻ' യുഗാന്ത്യം വരെ നിലയ്ക്കാതെ തുടരുന്നു എന്നുറപ്പാക്കുന്നത്. വഞ്ചകരെപ്പോലെ കരുതപ്പെടുന്നെങ്കിലും സത്യസന്ധരും അറിയപ്പെടാത്തവരെപ്പോലെയാണെങ്കിലും അറിയപ്പെടുന്നവരും മരിക്കുന്നവരെപ്പോലെയാണെങ്കിലും ജീവിക്കുന്നവരും ദുഃഖിതരെപ്പോലെയാണെങ്കിലും സദാ സന്തോഷിക്കുന്നവരും ദരിദ്രരെപ്പോലെയാണെങ്കിലും അനേകരെ സമ്പന്നരാക്കുന്നവരും ഒന്നുമില്ലാത്തവരെപ്പോലെയാണെങ്കിലും എല്ലാം ആർജ്ജിച്ചിരിക്കുന്നവരുമായ(2 കൊറി 6:9, 10) ഉന്മാദികളും ഭ്രാന്തരുമാകുക എന്നതാണ് ഓരോ ക്രിസ്തുവിശ്വാ സിയുടെയും അടിസ്ഥാനമിഷൻ. 'ഒറ്റ സമൂഹമാവുകയും തങ്ങൾക്കുണ്ടാ യിരുന്നതെല്ലാം പൊതുവായിക്കരുതുകയും സ്വത്തുക്കളും വസ്തുവക കളുംവിറ്റ് ആവശ്യാനുസരണം എല്ലാവർക്കുമായി വീതിക്കുകയും ചെയ്ത' (അപ്പ.പ്ര 2:44) ആദിമക്രിസ്ത്യാനികൾ സംഘാതമായി സാക്ഷാത്കരിച്ചത് ഈ ഉന്മാദത്തിന്റെ മിഷനായിരുന്നു. മതം ഭ്രാന്തരെ സൃഷ്ടിക്കുന്ന ഒരു ലോകത്തിൽ അപ്പസ്തോലന്മാരെയും ആദിമക്രൈസ്തവരെയും വിശുദ്ധരെയും രക്തസാക്ഷികളെയും പോലെ ക്രിസ്തുസ്നേഹമെന്ന ഭ്രാന്ത് മതമായി ജീവിക്കുക എന്നതാണ് ക്രിസ്ത്യാനിയുടെ മിഷൻ. മതഭ്രാന്തരും മതാന്ധരും യുദ്ധക്കൊതിയരും സ്വാർത്ഥരും ക്രൂര രുമായ മനുഷ്യർ ആഴത്തിൽ മുറിവേൽപ്പിക്കുന്ന ലോകത്തിന് സ്നേഹ മെന്ന സർവ്വരോഗസംഹാരിയായ ഒറ്റമൂലിയാൽ സൗഖ്യമേകുക എന്ന താണ് ക്രിസ്തുശിഷ്യരുടെ മിഷൻ. സുവിശേഷത്തിലെ യേശു നമ്മെ ഉന്മാദികളാക്കട്ടെ! യേശുവിന്റെ സുവിശേഷം നമ്മെ ഭ്രാന്തുപിടിപ്പിക്കട്ടെ!

## ഭ്രാന്തിനുള്ള കുറിപ്പടി

ഒരു സംശയം സ്വാഭാവികമാണ്. കുറിപ്പടി ഭ്രാന്ത് പിടിക്കാനുള്ളതോ മാറ്റാനുള്ളതോ? ഭ്രാന്ത് പിടിക്കാനുള്ള കുറിപ്പടി നാം ചോദിക്കാതെ തന്നെ ലോകം തരുന്നുണ്ട്. ഭ്രാന്തരാകാൻ 101 മാർഗങ്ങൾ എന്ന പേരിലോ മറ്റോ വേണമെങ്കിൽ നിങ്ങൾക്ക് ഒരു ഗ്രന്ഥം തന്നെ രചിക്കാനായേക്കും! അധികാരം അനേകരുടെ ഭ്രാന്തല്ലേ? സമ്പത്ത് ശത കോടി മനുഷ്യരെ ഭ്രാന്താക്കുന്നില്ലേ? സ്വാർത്ഥത സഹസ്രകോടി മനുഷ്യരുടെ ജീവിതം നരകതുല്യമാക്കുന്ന ഭ്രാന്തല്ലേ? ജഡികാസക്തി എന്ന ഭ്രാന്തിൽ അനേകർ എരിഞ്ഞൊടുങ്ങുന്നില്ലേ? മദ്യം മയക്കുമരുന്ന്, മറ്റു ലഹരികൾ എന്നിവയെല്ലാം പ്രത്യക്ഷമായും പരോക്ഷമായും അനേ കരെ ഭ്രാന്തു പിടിപ്പിക്കുന്നില്ലേ? ചുറ്റിത്തിരിക്കുന്നതും ഭ്രമിപ്പിക്കുന്നതുമാണ് ഭ്രാന്തെങ്കിൽ സാങ്കേതികവിദ്യയും ആധുനിക മനുഷ്യനെ ഭ്രാന്താക്കുകയല്ലേ ചെയ്യുന്നത്? ചുരുക്കത്തിൽ ഭ്രാന്ത് പിടിക്കുകയും പിടിപ്പിക്കുകയും ചെയ്യുന്ന ഒരു ലോകത്തിലാണ് നാം ജീവിക്കുന്നത്. ഇവിടെ സുവിശേഷത്തിലെ യേശുവിനാലും യേശുവിന്റെ സുവിശേഷത്താലും ഉന്മാദികളായവരുടെ ദൗത്യമെന്താണ്?

Mad doctor എന്നൊരു കൂട്ടരുണ്ട്. ഭ്രാന്തുള്ള ഡോക്ടർ എന്നല്ല അർത്ഥം, 'doctor who treats madness' അഥവാ ഭ്രാന്തുചികിത്സകനാണ് മാഡ് ഡോക്ടർ. അതേ ദൗത്യമാണ് ക്രിസ്ത്യാനിക്കുമുള്ളത്. ഓരോ ക്രിസ്ത്യാനിയും ഒരർത്ഥത്തിൽ ഭ്രാന്തുചികിത്സകരാണ്. 'ഉഷ്ണം ഉഷ്ണേന ശാമ്യതി' എന്നതുപോലെ ലോകത്തിന്റെ സമസ്തഭ്രാന്തുകളെയും യേശുസ്നേഹമാകുന്ന ഭ്രാന്തിനാൽ ശമിപ്പിക്കുക എന്നതാണ് ക്രിസ്തുവിശ്വാസിയുടെ മിഷൻ. അതിനുവേണ്ടിയാണ് അവർ ഈ ലോകത്തിലേക്ക് അയയ്ക്കപ്പെട്ടിരിക്കുന്നത്. അതിനവരെ പ്രേരിപ്പിക്കുന്നത് മുദ്രകളുടെ ഭാരമല്ല; യേശു എന്ന വ്യക്തി ചൊരിയുന്ന അഗാധ സ്നേഹമാണ്. ആ സ്നേഹത്തിന് സാക്ഷികളാകുക എന്നതാണ് മിഷൻ. ആ സ്നേഹം നുകരാൻ കൃപ കിട്ടിയവർ ദാനം ചെയ്യുന്നത് വിഭവങ്ങളല്ല. തങ്ങളെത്തന്നെയാണ്. തങ്ങളുടെ ജീവിതവും ജീവനുമാണ്. വിശുദ്ധരും രക്തസാക്ഷികളുമൊക്കെ ഉണ്ടാകുന്നത് അങ്ങനെയാണ്. തന്നെത്തന്നെ ദാനമായി നൽകിയ ഒരു ദൈവത്തെ വ്യക്തി പരമായി സ്വീകരിക്കുകയും ആ ദൈവത്തിന് തന്നെതന്നെ ദാനമായി സന്തോഷത്തോടെ സമർപ്പിക്കുകയും അതുവഴി സമസ്തലോകത്തിനുമായി സ്വയം സമർപ്പിക്കുകയും ചെയ്യുന്നതിലൂടെയാണ് ക്രിസ്തുശിഷ്യന്റെ മിഷൻ പൂർണ്ണമാകുന്നത്.

## മദോന്മത്തതയുടെ രഹസ്യം!

അപ്രമാണിക ഗ്രന്ഥമായ തോമസിന്റെ സുവിശേഷത്തിലെ മനോ ഹരമായ ഒരു രംഗം ഇപ്രകാരമാണ്. യേശു ശിഷ്യന്മാരോടു പറഞ്ഞു: "എന്നെ ഏതെ



ങ്കിലും സംഗതിയോടു താരതമ്യപ്പെടുത്തി ഞാൻ ഏതു പോലെയിരിക്കുന്നു എന്നു പറയൂ” ശിമയോൻ പത്രോസ് അവനോടു പറഞ്ഞു: “നീ നീതിമാനായ ഒരു ദൈവദൂതനെപ്പോലെയാണ്”. മത്തായി അവനോടു പറഞ്ഞു: ‘നീ വിവേകിയായ ഒരു തത്വജ്ഞാനിയെപ്പോലെ യാണ്’. തോമസ് അവനോടു പറഞ്ഞു: ‘ഗുരോ, നീ എപ്രകാരമാണെന്നു പറയാൻ എന്റെ വായ് തീർത്തും അശക്തമാണ്’.

യേശു പറഞ്ഞു: ‘ഞാൻ നിങ്ങളുടെ ഗുരുവല്ല. കാരണം, ഞാൻ പരിപാലിച്ച് പതഞ്ഞു നിറഞ്ഞൊഴുകുന്ന നീരുറവയിൽനിന്നു നിങ്ങൾ കുടിച്ച് മദോന്മത്തരായിത്തീർന്നിരിക്കുന്നു’. ഏതാണ് യേശു പരിപാലിച്ച പതഞ്ഞു നിറഞ്ഞൊഴുകുന്ന നീരുറവ? യേശു തന്നെ അത് വ്യക്ത മാക്കുന്നുണ്ട്. ‘എന്നിൽ വിശ്വസിക്കുന്നവന്റെ ഹൃദയത്തിൽ നിന്ന്, വിശുദ്ധ ലിഖിതം പ്രസ്താവിക്കുന്നതുപോലെ, ജീവജലത്തിന്റെ അരുവികൾ ഒഴുകും’ (യോഹ 7:38). ആ നീരുറവ പരിശുദ്ധാത്മാവാണ്. ആ നീരുറവയിലൂടെയാണ് ദൈവത്തിന്റെ സ്നേഹം നമ്മുടെ ഹൃദയങ്ങളിലേക്ക് ചൊരിയപ്പെട്ടിരിക്കുന്നത് (റോമ 5:5) ആ നീരുറവയുടെ ശക്തിയാലാണ് നാം പ്രത്യാശയിൽ സമൃദ്ധി പ്രാപിക്കുന്നത് (റോമ 15:13). ആ നീരുറവയാണ് നമ്മുടെ ആന്തരികമനുഷ്യനെ ശക്തിപ്പെടുത്തുന്നത്. (എഫേ 3:16). ആ നീരുറവയുടെ ശക്തിയാലാണ് നമ്മെ ഏൽപ്പിച്ചിരിക്കുന്ന നല്ല നിക്ഷേപങ്ങൾ നാം കാത്തുസൂക്ഷിക്കുന്നത് (2 തിമോ 1:14). ലോക ത്തിന്റെ പീഡനങ്ങൾക്കും ദൈവത്തിന്റെ സമാശ്വാസങ്ങൾക്കും ഇടയിൽ സഭ തന്റെ തീർത്ഥാടനത്തിൽ ചഞ്ചലിക്കാതെ മുന്നേറിക്കൊണ്ടിരിക്കുന്നു എന്ന് വിശുദ്ധ അഗസ്റ്റിൻ പഠിപ്പിക്കുന്നുണ്ട്. ആ നീരുറവയാണ് നമ്മെ തീർത്ഥാടകരും മിഷണറിമാരുമാക്കുന്നത്. ആ നീരുറവയാണ് നമ്മെ യേശുസ്നേഹത്തിന്റെ ഉന്മാദികളാക്കുന്നതും നമ്മിലൂടെ ലോകത്തിന്റെ സകല ഭ്രാന്തുകളും സൗഖ്യമാക്കുന്നതും. ആ നീരുറവയിൽ നിന്നു കുടിച്ച് മദോന്മത്തരായി മാറുമ്പോഴാണ് മിഷണറിയുടെ നിഴൽപോലും മിഷൻ പ്രവർത്തനം നടത്തുന്നത് (അപ്പ. പ്ര. 5:15). അപ്പോഴാണ് മിഷണറിയുടെ ശരീരസ്പർശമേറ്റ ‘തൂവാലകളും അംഗവസ്ത്രങ്ങളുമെല്ലാം’ മിഷണറിമാരായി വർത്തിക്കുന്നത് (അപ്പ. പ്ര 19:21). അടിമുടി മിഷണറിമാരാകാനാണ് അവന്റെ പിതാവിന്റെയും അവന്റെയും അവന്റെ ആത്മാവിന്റെയും പേരിൽ നമ്മെ അടയാളപ്പെടുത്തി അയച്ചിരിക്കുന്നത്!

എല്ലാ മിഷണറിമാർക്കും ശുഭാശംസകൾ!

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com